സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് 2016-17 ലെ ബോണസ്/ പ്രത്യേക ഉത്സവബത്ത, 2017 ലെ ഓണം അഡ്വാൻസ് എന്നിവ അനുവദിയ്ക്കുന്ന സംഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 5547/10/Est-I** നന്തൻകോട്, **23/8/2017**

---

പരാമർശം :- 1. സ.ഉ. (അച്ചടി) നം: 107/2017/ധന തീയതി 16-8-2017.

2. സ. ഉ. (അച്ചടി) നം: 108/2017/ധന തീയതി 16-8-2017.

3. ദേവസ്വം അക്കൗണ്ട് ആഫീസറുടെ 22-08-2017 ലെ ഡി.എ. നമ്പർ 623/05/ഇ-1 അഭിപ്രായം.

## ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പരാമർശം 1, 2 നമ്പർ ഉത്തരവുകൾ പ്രകാരം 2016-17 ലെ ബോണസ്/പ്രത്യേക ഉത്സവബത്ത, 2017 ലെ ഓണം അഡ്വാൻസ് എന്നിവ അനുവദിച്ചു. സർക്കാർ ജീവനക്കാർക്ക് അനുവദിച്ച പ്രസ്തുത ആനുകൂല്യങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം വരുത്തി (സൂചന - 3). മേൽ പരാമർശ (1, 2) സർക്കാർ ഉത്തരവുകളും ദേവസ്വം അക്കൗണ്ട് ഓഫീസറുടെ അഭിപ്രായവും വിശദമായി പരിശോധിച്ചശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് 2016-17 ലെ ബോണസ്/പ്രത്യേക ഉത്സവബത്ത, 2017 ലെ ഓണം അഡ്വാൻസ് എന്നിവ ചുവടെ വിവരിക്കുന്ന പ്രകാരം നൽകുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു.

1. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള എല്ലാ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർക്കും കാരാണ്മ ഒഴികെയുള്ള ക്ഷേത്രങ്ങളിൽ ജോലിനോക്കുന്ന ക്ലാസ്സ് IV ജീവനക്കാർക്കും അടിസ്ഥാന ശമ്പളം, പേഴ്സണൽ പേ, സ്പെഷ്യൽ പേ, സ്പെഷ്യൽ അലവൻസ്, പേഴ്സണൽ അലവൻസ്, ഡി.എ. എന്നിവ ഉൾപ്പെടെ ശമ്പളപരിഷ്ക്കരണത്തിന് ശേഷം 31-03-2017-ൽ 24,000/- രൂപയോ അതിൽ കുറവോ, ശമ്പളപരിഷ്ക്ക രണത്തിന് മുൻപ് 31-03-2017-ൽ 23,000/- രൂപയോ അതിൽ കുറവോ, ആകെ വേതനം കൈപ്പറ്റുന്നവർക്ക് സർക്കാർ ഉത്തരവിലെ ക്രമം 2016-2017 -ലെ ബോണസ് 4,000/-(നാലായിരം) രൂപ നിരക്കിൽ അനുവദിച്ചിരിക്കുന്നു.

   (i) പ്രതിമാസം 4000/- രൂപയിൽ അധികവും എന്നാൽ 24,000/-(പുതിയ സ്കെയിൽ) 23,000/- (പഴയ സ്കെയിൽ) രൂപയിൽ അധികരിക്കാത്തതുമായ 'ആകെ വേതനം' കൈപ്പറ്റുന്നവർക്ക് പ്രതിമാസ വേതനം 4000/- രൂപ എന്ന തോതിൽ ബോണസ് കണക്കുകൂട്ടേണ്ടതാണ്. 31.03.2017-നോ അതിനുമുമ്പോ പരിഷ്ക്കരിച്ച ശമ്പളസ്കെയിൽ ഓപ്റ്റ് ചെയ്ത ജീവനക്കാരുടെ കാര്യത്തിൽ 'ആകെ വേതനം' എന്നാൽ അടിസ്ഥാന ശമ്പളം, വ്യക്തിഗത വേതനം, പ്രത്യേക ബത്ത, പ്രത്യേക വേതനം, വ്യക്തിഗത ബത്ത എന്നിവയും പരിഷ്കരിച്ച ശമ്പള സ്കെയിലിലെ 14 % ക്ഷാമബത്തയും ചേർന്നതായിരിക്കും എന്നാൽ വീട്ടുവാടകബത്തയും മറ്റ് നഷ്ടപരിഹാരബത്തകളും ഒഴിവാക്കുന്നതാണ്.

(ii) പരിഷ്ക്കരണത്തിനുമുമ്പുള്ള ശമ്പള സ്കെയിലിൽ തുടരുന്ന ജീവനക്കാരുടെ കാര്യത്തിൽ 'ആകെ വേതനം' എന്നത് മേൽ ഖണ്ഡിക 1 -ൽ പരാമർശിച്ചിരിക്കുന്നതുപോലെയും എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി പരിഷ്ക്കരണത്തിനു മുമ്പുള്ള ശമ്പള സ്കെയിലിലെ അടിസ്ഥാന ശമ്പളത്തിന്റെ 109 % ക്ഷാമബത്ത ചേർന്നതും വീട്ടുവാടകബത്തയും മറ്റ് നഷ്ടപരിഹാര ബത്തകളും ഒഴിവാക്കിയതുമാണ്.

2. 31-03-2017 -ൽ സർവ്വീസിലുള്ളതും, 2016-2017 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 6 മാസമെങ്കിലും തുടർച്ചയായ സർവ്വീസിലുള്ളതുമായ ജീവനക്കാർക്ക് ബോണസിന് അർഹത ഉണ്ടായിരിക്കുന്നതാണ്. 31.03.2017 നോ അതിനുമുമ്പോ സർവ്വീസിൽ നിന്നും വിരമിച്ചവരോ അല്ലെങ്കിൽ വിടുതൽ വാങ്ങിയവരോ 2016-17 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 6 മാസം തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അവർക്കും ബോണസ്/ഉത്സവബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.
3. 2016-17 സാമ്പത്തിക വർഷത്തിൽ പൂർണ്ണമായോ ഭാഗികമായോ സസ്പെൻഷനിലായിരുന്ന സ്ഥിരം ജീവനക്കാർ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയ്ക്കോ അതിനുമുമ്പോ സർവ്വീസിൽ പുനഃപ്രവേശിക്കുകയും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായോ അർഹമായ അവധിയായോ പരിഗണിച്ച് ആ കാലയളവിലെ ശമ്പളം പൂർണ്ണമായും കൈപ്പറ്റുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് ബോണസ്/ഉത്സവബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.
4. മേൽ വ്യവസ്ഥകൾ പ്രകാരം ബോണസിന് അർഹതയില്ലാതാകുന്ന എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർക്കും, ക്ഷേത്രങ്ങളിൽ ജോലി നോക്കുന്ന കാരാണ്മ ജീവനക്കാർ, ക്ലാസ്സ് IV ജീവനക്കാർ എന്നീ വിഭാഗങ്ങളിലുള്ളവർക്കും ഫുൾടൈം ലാവണങ്ങളിലെ സ്ഥിരം ഒഴിവുകളിൽ കുറഞ്ഞത് ആറ് മാസമെങ്കിലും തുടർച്ചയായി ജോലി നോക്കുകയും നാലാം ഓണം (06-9-2017) വരെ ജോലിയിൽ തുടരുന്നതുമായ കോൺട്രാക്റ്റ് ജീവനക്കാർക്കും ഫുൾടൈം കാരാണ്മ ലാവണത്തിലുള്ള ഡിപ്പാർട്ടുമെന്റ് നോമിനികൾക്കും 2,750/- (രണ്ടായിരത്തി എഴുന്നൂറ്റി അൻപത്) രൂപ വീതം പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.
5. കാരാണ്മ ഉൾപ്പെടെ ക്ഷേത്രങ്ങളിൽ ജോലി നോക്കുന്ന എല്ലാ പാർടൈം ജീവനക്കാർക്കും 2,750/- (രണ്ടായിരത്തി എഴുന്നൂറ്റി അൻപത്) രൂപ വീതം പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.
6. ദേവസ്വം ബോർഡ് കോമ്പൗണ്ടിലെയും മറ്റ് ആഫീസുകളിലേയും സ്വീപ്പേഴ്സ്, സാനിറ്ററി വർക്കേഴ്സ് എന്നീ വിഭാഗക്കാർക്ക് ബോണസോ/പ്രത്യേക ഉത്സവബത്തയോ ഇവയിൽ ഏതാണോ കൂടുതൽ ആയത് അനുവദിച്ചിരിക്കുന്നു.
7. വൈക്കം ക്ഷേത്ര കലാപീഠത്തിൽ ശമ്പളസ്കെയിലിൽ ജോലി നോക്കിവരുന്ന അദ്ധ്യാപകർക്ക് 1 മുതൽ 4 വരെയുള്ള ഖണ്ഡികകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ബോണസ്/പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.
8. വൈക്കം ക്ഷേത്ര കലാപീഠത്തിൽ കൺസോളിഡേറ്റഡ് അലവൻസിൽ ജോലി നോക്കിവരുന്ന ഫുൾടൈം അദ്ധ്യാപകർക്ക് 2,750/- (രണ്ടായിരത്തി എഴുന്നൂറ്റി അൻപത്) രൂപ ക്രമവും പാർടൈം അദ്ധ്യാപകർക്ക് 1,210/- (ആയിരത്തി ഇരുന്നൂറ്റി പത്ത്) രൂപ ക്രമവും പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.

9. ദേവസ്വം ബോർഡ് പ്രസ്സിലെ സ്ഥിരം ജീവനക്കാർക്ക് 1 മുതൽ 4 വരെയുള്ള ഖണ്ഡികകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ബോണസ്/ പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.
10. ദേവസ്വം ബോർഡ് പ്രസ്സിലേയും ആഫീസുകളിലേയും ദിവസവേതന ജീവനക്കാർ, ദേവസ്വം ബോർഡ് കോമ്പൗണ്ടിലും ക്ഷേത്രങ്ങളിലും നിയോഗിച്ചിട്ടുള്ള സെക്യൂരിറ്റി ജീവനക്കാർ എന്നീ വിഭാഗങ്ങളിലുള്ളവരിൽ ഒന്നാം ഓണത്തിന് മുമ്പ് (03.09.2017) സേവനത്തിൽ ഉണ്ടായിരിക്കുകയും നാലാം ഓണത്തിന് മുമ്പ് (06.09.2017) സേവനത്തിൽ നിന്നും നീക്കം ചെയ്യപ്പെടാനിടയില്ലാത്തതുമായവർക്ക് 1,210/- (ആയിരത്തി ഇരുന്നൂറ്റി പത്ത്) രൂപ വീതം പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.
11. വൈക്കം ക്ഷേത്ര കലാപീഠത്തിലെ വിദ്യാർത്ഥികൾക്ക് 250/- രൂപ ക്രമം പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.
12. തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ്, ക്ഷേത്രവിഭാഗങ്ങളിലെ ജീവനക്കാരായിരുന്ന് പെൻഷനായവരിൽ ബോണസ്/പ്രത്യേക ഉത്സവബത്തയ്ക്ക് അർഹതയില്ലാത്തവർ, എസ്റ്റാബ്ലിഷ്മെന്റ്/ക്ഷേത്രവിഭാഗം ഫാമിലി പെൻഷൻകാർ, എക്സ്ഗ്രേഷ്യാ പെൻഷൻകാർ (exgratia in lieu of pension), ക്ഷേത്രജീവനക്കാരായിരുന്ന് 01-4-1985 ന് മുൻപ് സർവ്വീസിൽ നിന്നും പിരിഞ്ഞ എക്സ്ഗ്രേഷ്യാ പെൻഷൻകാർ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് 1,000/- രൂപ ക്രമം പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.
13. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രൊവിഷണലായി നിയമനം ലഭിച്ചതും ഒന്നാം ഓണത്തിന് മുമ്പ് (03.09.2017) സേവനത്തിലുള്ളതും, എന്നാൽ നാലാം ഓണത്തിന് മുമ്പ് (06.09.2017) സേവനം അവസാനിപ്പിച്ച് സർവ്വീസിൽനിന്നും വിടുതൽ ചെയ്യപ്പെടാനിടയില്ലാത്തതുമായ ജീവനക്കാർ, അവരുടെ സേവന ദൈർഘ്യം കണക്കിലെടുക്കാതെ 2,750/- രൂപ ക്രമം പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു. ഈ വിഭാഗക്കാർക്ക് അഡ്വാൻസ് അനുവദനീയമല്ല.
14. ബോർഡിൽ കോൺട്രാക്റ്റ് വ്യവസ്ഥയിൽ സ്പെഷ്യൽ ആഫീസർമാരായി നിയമിച്ചിട്ടുള്ള റിട്ടയേർഡ് ഉദ്യോഗസ്ഥന്മാർക്ക് സർക്കാർ ഉത്തരവിൽ അനുവദിച്ചിട്ടുള്ള ക്രമം 2,750/- രൂപ പ്രത്യേക ഉത്സവബത്ത അനുവദിച്ചിരിക്കുന്നു.
15. ബോർഡിന്റെ കീഴിലുള്ള എല്ലാ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർക്കും ക്ഷേത്രങ്ങളിൽ ജോലി നോക്കുന്ന ക്ലാസ്സ് IV ജീവനക്കാർക്കും സംസ്ഥാന സർക്കാരിലെ ക്രമം പരമാവധി 15,000/- രൂപ ക്രമവും ക്ഷേത്രങ്ങളിൽ ജോലി നോക്കുന്ന പാർടൈം ജീവനക്കാർക്ക് പരമാവധി 5,000/- രൂപ ക്രമവും, പാർടൈം തൂപ്പുകാർക്ക് പരമാവധി 4,000/- രൂപ ക്രമവും ഓണം അഡ്വാൻസ് നൽകുന്നതിന് അനുവദിച്ചും ആയത് 5 (അഞ്ച്) തുല്യ ഗഡുക്കളായി 10/2017 ലെ ശമ്പളം മുതൽ തിരികെ ഈടാക്കേണ്ടതുമാണ്.

ഓണം അഡ്വാൻസ് അനുവദിച്ച് നൽകുമ്പോൾ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടുത്തം വരുത്താനാവശ്യമായ തുക നിക്കിയിരിപ്പുണ്ടോ എന്നു കൂടി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്. ഓണത്തിനുശേഷം ഓണം അഡ്വാൻസ് അനുവദിക്കാൻ പാടുള്ളതല്ല.

ബോണസ്, പ്രത്യേക ഉത്സവബത്ത, അഡ്വാൻസ് എന്നിവ 28-8-2017 മുതൽ പ്രാബല്യത്തിൽ വിതരണം ചെയ്യുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലികമായി നിയമിതരായ ജീവനക്കാർക്ക് തന്മാസ ശമ്പളം സ്ഥിര ജീവനക്കാരോടൊപ്പം നൽകുന്നതിനും അനുവദിച്ചിരിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

Jayasree. S

സെക്രട്ടറി

പകർപ്പ് :-

1. സ.ഉ. (അച്ചടി) നം: 107/2017/ധന തീയതി 16-8-2017.
2. സ. ഉ. (അച്ചടി) നം: 108/2017/ധന തീയതി 16-8-2017.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ വകുപ്പ് മേധാവികൾക്കും ആഫീസുകളിലേക്കും അയച്ചിരിക്കുന്നു.

SK